പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1687 — 14.08.2017 ൽ മറുപടിക്ക്

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാനായി രൂപീകരിച്ച സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | SRO 107/16 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 14 ജില്ലകളിലും നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനു വേണ്ടി സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വേഗത്തിൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ ഇനിയും കൈക്കൊള്ളേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഗവ.സെക്രട്ടേറിയറ്റിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിലൂടെ നിയമനം ലഭിച്ച മറ്റു ജില്ലക്കാരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് സെക്രട്ടേറിയറ്റ് സർവ്വീസിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് താഴ്ന്ന വിഭാഗം ജീവനക്കാർക്കായി പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എപ്പോൾ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

Sajeev

സെക്ഷൻ ആഫീസർ